**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7420 14/07/2014-ൽ മറുപടിയ്ക്ക്

# കൊയിലാണ്ടി മണ്ഡലത്തിൽ നിറവ് പദ്ധതി

ചോദ്യം
ശ്രീ. കെ. ദാസൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കൊയിലാണ്ടി നിയോജകമണ്ഡലത്തെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി-യിട്ടുണ്ടോ; ഉണ്ടെങ്കിൽ നിറവ് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്നത്; വ്യക്തമാക്കാമോ; | എ) | കൊയിലാണ്ടി നിയോജകമണ്ഡലത്തെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നെൽകൃഷി വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് അനുയോജ്യമായ പാടശേഖരങ്ങൾ, കൃഷി ഭൂമി എന്നിവ എവിടെയെല്ലാം ലഭ്യമാണെന്ന് വ്യക്തമാക്കുമോ; | ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നെൽകൃഷി വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് അനുയോജ്യമായ പാടശേഖരങ്ങൾ അരിക്കുളം, കൊയിലാണ്ടി, ചെങ്ങോട്ട്കാവ്, ചേമഞ്ചേരി പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്നു. |
| സി) | ഇത് ഏതെല്ലാം പഞ്ചായത്തുകളിലാണ് നിലനിൽക്കുന്നതെന്ന് ഭൂമിയുടെ വിസ്തൃതി, മറ്റ് വിവരങ്ങൾ എന്നിവ സഹിതം വിശദമാക്കാമോ; | സി) | ഇത് അരിക്കുളം, കൊയിലാണ്ടി, ചെങ്ങോട്ട്കാവ്, ചേമഞ്ചേരി പഞ്ചായത്തുകളിലായി നിലനിൽക്കുന്നതും 296 ഹെക്ടർ വിസ്തൃതിയുള്ളതുമാണ്. ഇതിനു പുറമെ അരിക്കുളം പഞ്ചായത്തിലെ വെളിയന്നൂർ ചല്ലി (400 ഹെക്ടർ) കൃഷിക്ക് ഉപയുക്തമാക്കിയെടുക്കാവുന്നതാണ്. |
| ഡി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എവിടെയെല്ലാമാണ് പാടശേഖര സമിതികൾ ഉള്ളതെന്നത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | ഡി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലുള്ള പാടശേഖര സമിതികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| കൊയിലാണ്ടി മുനിസിപ്പാലിറ്റി | : | 10 |
| മുടാടി | : | 4 |
| ചേമഞ്ചേരി | : | 1 |
| ചെങ്ങോട്ട്കാവ് | : | 1 |
| അരിക്കുളം | : | 9 |
| ആകെ | : | 25 |

ഇ) കൊയിലാണ്ടി വെളിയന്നൂർ ചല്ലികൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിന് സർക്കാർ മുമ്പാകെ കൃഷിവകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഈ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇ) ഇല്ല.

കൊയിലാണ്ടി വെളിയന്നൂർ ചല്ലികൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനായി കെ.എൽ.ഡി.സി തയ്യാറാക്കിയ 7,90,99,100/- രൂപയുടെ പദ്ധതി ആർ.ഐ.ഡി.എഫിൽ സമർപ്പിക്കുന്നതിനായി കൃഷി ഡയറ്കടർക്ക് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ